**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2035** **11-10-2021 - ൽ മറുപടിയ്ക്ക്**

**സി-ആപ്റ്റ് ജീവനക്കാരുടെ ഇ.പി.എഫിലേക്കുള്ള മാനേജ്മെന്റ് വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സി-ആപ്റ്റ് ജീവനക്കാരുടെ ഇ.പി.എഫിലേയ്ക്കുള്ള മാനേജ്മെന്റ് വിഹിതം ജീവനക്കാരുടെ വിഹിതത്തിന് തുല്യമായി അടയ്ക്കാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | 03-09-2013--ലെ സർക്കാർ ഉത്തരവ് (എം.എസ്) നം. 594/2013/ഉ.വി.വ പ്രകാരം സി-ആപ്റ്റ് ജീവനക്കാരുടെ ഇ.പി.എഫ് ലേക്കുള്ള മാനേജ് മെന്റ് വിഹിതം വേജ് ലിമിറ്റ് ചെയ്താണ് അടച്ചു വരുന്നത്. ആയതിനാൽ ഇ. പി. എഫിലേയ്ക്കുള്ള മാനേജ് മെന്റ് വിഹിതത്തിന് തുല്യമായി അടയ്ക്കുവാൻ സാധിക്കുകയില്ല. |
| (ബി) | കോവിഡ് 19 പശ്ചാത്തലത്തിൽ സി-ആപ്റ്റ് ജീവനക്കാർ സാലറി ചലഞ്ചിലൂടെ നൽകിയ ശമ്പളത്തിൽ നിന്നും എത്ര ദിവസത്തെ ശമ്പളം തിരിച്ചു നൽകാനുണ്ട്; ഇത് തിരികെ നൽകാൻ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) | കോവിഡ് 19 -ന്റെ പശ്ചാത്തലത്തിൽ സി-ആപ്റ്റ് ജീവനക്കാർ സാലറി ചാലഞ്ചിലൂടെ നൽകിയ ശമ്പളത്തിൽ നിന്നും 12 ദിവസത്തെ ശമ്പളം തിരിച്ചു നൽകാനുണ്ട്. സെന്ററിന്റെ മുഖ്യ വരുമാന സ്രോതസ്സായ ലോട്ടറി ടിക്കറ്റ് അച്ചടിയിൽ കുറവുണ്ടായത് മൂലം സെന്ററിന്റെ വരുമാനത്തെ സാരമായി ബാധിക്കുകയുണ്ടായി. ലോട്ടറി ടിക്കറ്റ് അച്ചടി പൂർണ്ണ തോതിൽ പുനരാരംഭിച്ച് വരുമാന വർദ്ധനവ് ഉണ്ടാകുന്ന മുറയ്ക്ക് ജീവനക്കാർക്ക് നൽകാനുള്ള 12 ദിവസത്തെ ശമ്പളം തിരിച്ച് നൽകുന്നതാണ്. |
| (സി) | സി-ആപ്റ്റിനെ വൈവിധ്യവൽക്കരിക്കുന്നതിനും പ്രിന്റിംഗ് മേഖലകളിലേക്ക് സേവനം വ്യാപിപ്പിക്കുന്നതിനും എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | ഈ സാമ്പത്തിക വർഷത്തിൽ സി-ആപ്റ്റിനെ വൈവിധ്യവത്ക്കരിക്കുന്ന തിന്റെ ഭാഗമായി ഒരു കോംപ്രി ഹെൻസീവ് ഫയർ പ്രൊട്ടക്ഷൻ സിസ്റ്റം സ്ഥാപിക്കുന്നതിനും എസ്.സി./എസ്. ടി വിദ്യാർത്ഥികൾക്കായി മൾട്ടി മീഡിയ ട്രെയിനിംഗ് യൂണിറ്റ് സ്ഥാപി ക്കുന്നതിനുമുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ, പ്രിൻറിംഗ് മേഖകളിലേക്ക് സേവനം വ്യാപിപ്പിക്കുന്ന തിന്റെ ഭാഗമായി പ്രോഗ്രാമിബിൾ കട്ടിംഗ് മെഷീനും ഫോർക്ക് ലിഫ്റ്റും വാങ്ങുന്നതിനുള്ള നടപടികൾ പുരോഗ മിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ